(ഡി) പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജക മണ്ഡലത്തിലെ അരുവാപ്പുലം, സീതത്തോട് എന്നീ പഞ്ചായത്തുകൾ മാത്രമേ മലയോര വികസന ഏജൻസിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടുന്നുള്ളൂ.

പദ്ധതികളുടെ പേരും അനുവദിച്ച തുകയും ഇപ്പോഴത്തെ അവസ്ഥയും താഴെ കൊടുക്കുന്നു:

1. ഞാറയ്ക്കൽപടി-മാണിക്കോടിക്കൽപ്പടി റോഡ് (അരുവാപ്പുലം ഗ്രാമ പഞ്ചായത്ത്)-10.00 ലക്ഷം രൂപ-പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
2. ഗുരുനാഥൻ മണ്ണ്-കന്നം റോഡ് (സീതത്തോട് ഗ്രാമപഞ്ചായത്ത്-10.00 ലക്ഷം രൂപ - പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
3. സ്വാമിപ്പടി കോട്ടപ്പാറ റോഡ് (സീതത്തോട് ഗ്രാമപഞ്ചായത്ത്)-10.00 ലക്ഷം രൂപ-പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

എടക്കര ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന് കെട്ടിടം

70 (1469) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പട്ടർപാലം എടക്കര ക്ഷീരോൽപാദക സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിക്കാനുള്ള അനുവാദം ആവശ്യപ്പെട്ടുകൊണ്ടുള്ള സംഘം പ്രസിഡന്റിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ബി) ഉണ്ടെങ്കിൽ ഈ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) പട്ടർപാലം എടക്കര ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിക്കാനുള്ള അനുവാദം ആവശ്യപ്പെട്ടുകൊണ്ട് സംഘം മുഖാന്തരം നേരിട്ടുള്ള അപേക്ഷകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. എം.എൽ.എ. മുഖേന ലഭിച്ച അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ ക്ഷീരവികസന വകുപ്പ് ഡയറക്ടർ കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സംഘത്തിന് കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ 8-1-2015-ൽ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly